<u>**പതിനാലാം കേരള നിയമസഭ**</u>

<u>**ഏഴാം സമ്മേളനം**</u>

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 48</u> 07/<u>08/2017-ൽ മറുപടിക്ക്</u>

<u>**പ്ലാച്ചിമട കൊക്കൊക്കോള കമ്പനി**</u>

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പ്ലാച്ചിമട കൊക്കോകോള കമ്പനിക്കെതിരെ കുടിവെള്ളം മലിനപ്പെടുത്തിയതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) | മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചിരുന്നു. ഖര വസ്തുക്കൾ സുരക്ഷിതമായി നിക്ഷേപിക്കാനുള്ള സെക്വർഡ് ലാന്റ് ഫിൽ കമ്പനി ഉണ്ടാക്കുന്നതിന് മുമ്പ് പുറന്തള്ളിയിരുന്ന ഖര മാലിന്യത്തിൽ അനുവദനീയ പരിധിയിൽ കൂടുതലായി കാഡ്മിയം കണ്ടതിനാലും, പ്രസ്തുത കാഡ്മിയത്തിന്റെ ഉറവിടം വെളിപ്പെടുത്താനുള്ള ബോർഡിന്റെ നിർദ്ദേശം കമ്പനി പാലിക്കാത്തതിനാലും, അടുത്തുള്ള പഞ്ചായത്ത് കിണറിൽ അനുവദനീയ പരിധിയിൽ കൂടുതൽ കാഡ്മിയം കണ്ടതിനാലും, പാഴ്ജല ശുദ്ധീകരണത്തിന് റിവേഴ്സ് ഓസ്മോസിസ് സംവിധാനം സ്ഥാപിക്കാനുള്ള നിർദ്ദേശം കമ്പനി പാലിക്കാത്തതിനാലും, നാട്ടുകാർക്ക് പൈപ്പ് ലൈനിലൂടെ കുടിവെള്ളം എത്തിക്കാൻ സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശം പാലിക്കാതെ ടാങ്കർ ലോറികളിൽ അപര്യാപ്തമായ അളവിൽ മാത്രം കുടിവെള്ള വിതരണം നടത്തിയതിനാലും, ബോർഡ് 19-08-2005-ൽ ജല നിയമപ്രകാരമുള്ള പ്രവർത്തനാനുമതി നിഷേധിക്കുകയും ഫാക്ടറിയിൽ ഉത്പാദനം നടത്തുന്നത് തടയുകയും ചെയ്തു. ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം പരോക്ഷമായി കമ്പനിയെ ബോർഡിന്റെ അനുമതി കൂടാതെ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കുകയുണ്ടായി. ഇതിനെതിരെ ബോർഡ് സുപ്രീം കോടതിയെ സമീപിച്ചിരുന്നു. പെരുമാട്ടി ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്തിരുന്ന രണ്ട് സിവിൽ അപ്പീലുകളിലും ബോർഡ് ഫയൽ ചെയ്തിട്ടുള്ള അപ്പീലുകളിലും 13-07-2017 ൽ ബഹു. സുപ്രീംകോടതി പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം, കമ്പനി പ്രവർത്തിപ്പിക്കുന്നതിന് കമ്പനി അധികൃതർക്ക് താൽപര്യമില്ല എന്ന് അറിയിച്ചതിനെ തുടർന്ന് പ്രസ്തുത കേസുകൾ ഇൻഫ്രക്ച്വസ് (Infructuous) ആയതായി കോടതി 13-07-2017-ൽ ഉത്തരവ് പുറപ്പെടുവിച്ച് തീർപ്പാക്കിയിട്ടുണ്ട്. ഫാക്ടറി മാർച്ച് 2004 മുതൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | കമ്പനിക്ക് സമീപമുള്ള പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളം മലിനപ്പെടുത്തിയതിന് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നോ; | (ബി) | പ്ലാച്ചിമട കൊക്കോകോള കമ്പനിക്ക് സമീപമുള്ള പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളം മലിനപ്പെടുത്തിയതിന് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലയിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കോകോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജല ചൂഷണത്തിനും ഉല്പാദന വേസ്റ്റ് നിക്ഷേപിച്ചതിനും കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ജനജീവിതം ദുസ്സഹമാക്കിയതിനും കൃഷിയടക്കമുള്ള ജീവനോപാധികൾ നശിപ്പിച്ചതിനും കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാൻ കഴിയുമോ; എങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലം ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട വിഷയം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15-06-2017-ലെ യോഗത്തിൽ ചർച്ച ചെയ്യുകയും ടി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ പ്രകാരം കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്ന വിഷയത്തിൽ സമര സമിതി സമർപ്പിച്ച നിയമ നിർദ്ദേശങ്ങൾ അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജല വിഭവം (ഭൂജല), നിയമം എന്നീ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**